ജി.എച്ച്.എസ് ബമ്മണൂർ



# സ്പന്ദനം

little KITEs




# ജി . എച്ച് .എസ് .ബമ്മണൂർ

## പരുത്തിപ്പുള്ളി

## പാലക്കാട്

# ആമുഖം

മാറുന്ന കാലത്തിനനുസരിച്ച് രൂപവും മാറണമെന്നുള്ളത് ലോകനിയമമമാണ്. ഇത് സാഹിത്യത്തിനും ബാധകം തന്നെ . എഴുത്ത് , വായന , പുസ്തകങ്ങൾ ഇവയെല്ലാം ഇന്ന് പുതിയ രൂപങ്ങൾ തേടിയിരിക്കുന്നു. ഇതിനു തെളിവുകളാണല്ലോ ഇ-വായനയും ഇ-പുസ്തകങ്ങളും ഇ-മാഗസിനുകളുമെല്ലാം. ജി. എച്ച്. എസ് ബമ്മണൂരിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുറത്തിറക്കുന്ന "സ്പന്ദനം"ഈ പുതു തലമുറവിദാഗത്തിൽ പെടുന്നു. ഇതിൽ ഉൾക്കെള്ളിച്ചിരിക്കുന്ന സൃഷ്ടികളെല്ലാം തന്നെ ബമ്മണൂർ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടേതാണ്. കവിതൾ കഥകൾ ലേഖനങ്ങൾ വിമശനാത്മക പഠനം എന്നിവ ഉൾക്കൊള്ളുന്നതാണ് "സ്പന്ദനം". സാഹിത്യബോധവും ഭാവനയും പുതു തലമുറയ്ക്ക് അന്യമായിട്ടില്ല എന്ന് വിളിച്ചോതുന്ന, ലിറ്റിൽ കൈറ്റ്സ് 2019-20 ബാച്ചിന്റെ ഈ സംരംഭം സഹൃദയസമക്ഷം സമർപ്പിക്കുന്നു.

# എഡിറ്റോറിയൽ

ഓരോ മാഗസിനും പറയാനുള്ളത് ഒരു കൂട്ടായ്മയുടെ കഥയാണ്. സൃഷ്ടികൾ തന്ന് സഹായിച്ചവർ മുതൽ ഏട്ടുകളെ പുസ്തകമാക്കി മാറ്റാൻ പ്രയത്നിച്ചവർ വരെ അനുഭവിച്ച ക്ലേശത്തിന്റെ കഥ. പുത്രമുഖം കാണുമ്പോൾ അതുവരെ അനുഭവിച്ച ക്ലേശമെല്ലാം മറന്ന് പുഞ്ചിരിപൊഴിക്കുന്ന അമ്മയെപ്പോലെ സുഖമനുഭവിക്കുന്നു മാഗസിൻ പ്രകാശനത്തിലൂടെ പത്രാധിപരും...

പാതിവിടർന്ന പൂമൊട്ടുകൾ പൊഴിക്കുന്ന സുഗന്ധമാണ് "സ്പന്ദന"ത്തിന് തുടിക്കുന്ന കൗമാരഹൃദയങ്ങളുടെ നേർ താളവും.അപക്വമായ ചിന്തകളിലെ പാകപ്പിഴകൾ സദയം ക്ഷമിക്കപ്പെടുമെന്ന വിശ്വാസത്തോടെ.....

സ്നേഹപൂർവം....



ഷഹന എ.എസ്

സ്റ്റുഡന്റ്സ് എഡിറ്റർ

# ആശംസ

ജി. എച്ച്. എസ്. ബമ്മണ്ണൂരിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന രണ്ടാമത്തെ ഡിജിറ്റൽമാഗസിനാണ് "സ്പന്ദനം." കാലത്തിനൊപ്പമെന്നല്ല ഒരു മുഴം മുമ്പേ നടക്കാൻ കെല്പുള്ളവരാണ് തങ്ങളെന്ന് തെളിയിക്കുന്ന ഈ വിദ്യാലയത്തിലെ കുട്ടിക്കൂട്ടായ്മകൾ സാഹിത്യസൃഷ്ടികൾ മാത്രമല്ല, typing, layout, തുടങ്ങി "സ്പന്ദന"ത്തിന്റെ എല്ലാ മേഖലകളിലും പ്രവർത്തിക്കുന്നത് നമ്മുടെ കുട്ടികളാണ് എന്നത് നമുക്കഭിമാനിക്കാം. "സ്പന്ദന"ത്തിന്റെ അണിയറപ്രവർത്തകരായ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും മാർഗനിർദേശകരായ അധ്യാപകർക്കും അഭിനന്ദനങ്ങൾ...

സ്നേഹാശംസകളോടെ.......

ഹെഡ്മിസ്ട്രസ്

ഇന്ദിര .കെ



## താളുകളിലൂടെ...........


.....................................................................................................2
.....................................................................................................2
.....................................................................................................6
മഴ..................................................................................................8
ഭാഷ.................................................................................................9
അമ്മിണിക്കോത..................................................................................10
.....................................................................................................12
കാറ്റേ നീ..........................................................................................12
മനസ്സ്..............................................................................................14
ഗുരു...............................................................................................15
.....................................................................................................16
സൗഹൃദം..........................................................................................16
.....................................................................................................18
പ്രണയിനി.........................................................................................18
.....................................................................................................19
പെൻസിൽ.........................................................................................19
.....................................................................................................20
നിഴൽ..............................................................................................20
.....................................................................................................21
ദരിദ്രരായ അമ്മയും മോനും..................................................................21
.....................................................................................................23
നന്ദിയില്ലാത്ത പാമ്പ്............................................................................23
.....................................................................................................24
ഡിജിറ്റിൽ പെയിന്റിങ്ങ്...........................................................................24
മരംമനോഹരം....................................................................................28
നമുക്ക് വേണം നല്ല നാട്.........................................................................31
നന്ദിപൂർവ്വം.........................................................................................32
എന്റെ അച്ഛൻ.....................................................................................34
മാതൃത്വം...........................................................................................35
പ്രളയക്കെടുതിയിലും ..മുന്നോട്ട്..............................................................36
മഴ..................................................................................................37

പൂപ്പാട്ട്....................................................................................................................38
പ്രളയം.....................................................................................................................39
ചാണക്യൻ..................................................................................................................40
തെരുവിന്റെ സന്തതി...................................................................................................41
കേരളം നമ്മുടെ കേരളം..............................................................................................42
പുഞ്ചപ്പാടത്തെ പൂങ്കുയിലേ.........................................................................................44
.................................................................................................................................44
ഡിജിറ്റൽ പൂക്കളം.....................................................................................................46
അഷിതയുടെ കഥയിലെ സ്്ത്രീയും...........................................................................47
അധികാരവും..............................................................................................................47
വരകൾ വർണ്ണങ്ങൾ.....................................................................................................55
.................................................................................................................................56
.................................................................................................................................56
.................................................................................................................................58
.................................................................................................................................59
നന്ദി...........................................................................................................................60

# മഴ.....

ഓരോ തുള്ളികളായി വരുന്ന നീ

ഭൂമിയിലേക്ക് സ്പർശിക്കുമ്പോൾ

മനം നിറഞ്ഞ് നിന്നെ കാത്തിരിക്കുന്നു

നിന്നെ കാത്തിരിക്കുന്നവരുടെ

മനംനിറയ്ക്കാൻ നീ

എങ്ങോട്ടാണെന്ന് ഇല്ലാതെ

നീ ഒഴുകുന്നു

നിന്റെ സ്പർശനത്താൽ

പുതുജീവൻ തുടിക്കുന്നു ഭൂമിയിൽ

മഴയ്ക്ക് ഭൂമിയോടുള്ള തീരാത്ത

പ്രണയമാണ് ഒഴുകി ഒഴുകി

സ്നേഹം പകർത്തുന്നത്

അമൃത പി.വി

10 C

# ഭാഷ

മധുരമാം മന്ദസ്മിതം തുളുമ്പുമെൻ ഭാഷ

കൊഴിയുന്നിലകളിലെ അക്ഷരങ്ങളെൻ ഭാഷ

വർണ്ണവിസ്മയത്താൽ മയക്കുന്നയെൻ ഭാഷ

ഉയിരിന്റെ ഉയിരാണെൻ ഭാഷ

അറിവിന്റെ വെളിച്ചം പകരുന്ന ഭാഷ

സഞ്ചന . എസ്

10 C

# അമ്മിണിക്കോത

നന്ദനം എന്നു പറയുന്നൊരു കൊച്ചു ഗ്രാമം. അതിമനോഹരമായ മലനിരകളാൽ സൗന്ദര്യം പരത്തുന്ന ഒരുകൊച്ചുഗ്രാമം . അവിടത്തെ വിശാലമായ ഒരു മലഞ്ചെരുവിലായിരുന്നു ആ അഞ്ചംഗങ്ങൾ അടങ്ങിയ ഒരു കൊച്ചുകർഷക കുടുംബം താമസിച്ചിരുന്നത് . ഭാസ്കരന്റെയും കുമാരിയുടേയും ഇളയമകളാണ് അമ്മിണി, നമ്മുടെ കഥാനായിക . ആളൊരു രസക്കുടുക്കയാ...എല്ലാ പ്രശ്നത്തിലും ചെന്ന് തലയിടും . പ്രശ്നമായി എന്ന് തോന്നുമ്പൊ മെല്ലെ ഒഴിഞ്ഞുമാറും .ഒരു കൊതിച്ചിക്കുടിയാണ് അമ്മിണി.അമ്മിണിക്ക് മൂത്ത സഹോദരനും സഹോദരിയുമുണ്ട് . അവർ രണ്ടുപേരും പഠിത്തത്തിൽ ഒന്നാമതാണ് . എന്നാൽ അമ്മിണിയോ പഠിക്കാത്തതിൽ ഒന്നാമതും . എല്ലാ പരീക്ഷയിലും അവൾക്ക് വട്ടക്കുമ്പളങ്ങ കിട്ടാറാണ് പതിവ് . അത് കുറയുകയുമില്ല കൂടുകയുമില്ല . വീട്ടിലുള്ളവർ അമ്മിണിയെ സ്ഥിരം പരിഹസിക്കും . അവൾക്കത് കേട്ട് ശീലമായി . ആര്ടേങ്കിലും വായേന്ന് എന്തേങ്കിലും കേൾക്കാതെ അവൾക്ക് അന്ന് രാത്രി ഉറക്കമില്ല . നാട്ടുകാരും വീട്ടുകാരും കൂട്ടുകാരും അവളെ അമ്മിണിക്കോതയെന്നാണ് വിളിക്കാറ്. തെരുവ് പിള്ളാരോടൊപ്പം പാടത്തും പറമ്പിലും കുളത്തിൽ മീൻ പിടിക്കാനും അങ്ങനെ തെണ്ടിനടക്കാനാണ് അവൾക്കിഷ്ടം. ചിലപ്പം സ്കൂളിലേക്ക് പോവാതെ പാടത്തൂടെ അലഞ്ഞുനടക്കും . അമ്മിണിയോട് അച്ഛന് വളരെയടുപ്പമാണ്. അവളെയൊന്നിനും വഴക്കു പറയാറില്ല . ചിലപ്പോൾ അവൾ സ്കൂളിൽ പോവാതെ അച്ഛനുമൊത്ത് പാടത്തേക്ക്പോകും . അന്ന് അമ്മ അച്ഛനേം മകളേം നിർത്തിപൊരിക്കൽ പതിവായിരുന്നു . അങ്ങനെയിരിക്കെ ഓണം അടുത്തു. അമ്മിണിയും അച്ഛനും

ഓണസാധനങ്ങൾ വാങ്ങാനായി ചന്തയിൽ പോയി . അച്ഛൻ അവൾക്ക് പുതിയ ഉടുപ്പും വളയും ചാന്തും അങ്ങനെ പലതും വാങ്ങുകയായിരുന്നു. അവൾ കടയ്ക്കുമുന്നിൽ ഒരു ചാരുകസാരയിൽ ഇരിക്കുകയായിരുന്ന പെട്ടന്നാണ് അവൾ അവിടെ ഒരു ദയനീയമായ കാഴ്ച കണ്ടത്. കീറിപ്പാറിയ വസ്ത്രമിട്ടൊരുപെൺകുട്ടി. കാടുപിടിച്ച് കിടക്കുന്ന അവളുടെ മുടി. വറ്റിവരണ്ട ശരീരം. കൈയ്യിലൊരു പാത്രവും അതിൽ കുറച്ച് നാണയങ്ങളുമുണ്ടായിരുന്നു . അമ്മിണിയ്ക്ക് അവളെ കണ്ടപ്പോൾ സങ്കടം തോന്നി . അമ്മിണി അവളെ തന്നെ നിരീക്ഷിച്ചു . ആ പെൺകുട്ടി ഒരു കടയിലേക്ക് കേറുന്നു. അവിടത്തെ കടക്കാരൻ ആ പെൺ കുട്ടിയെ എന്തൊക്കെയോ പറഞ്ഞ് തല്ലിയാട്ടുന്നു . പാവം ആ പെൺകുട്ടി കരഞ്ഞുകൊണ്ട് പുറത്തേക്കോടുന്നു . അവൾ വിശന്നിട്ടാ കടയിൽ കയറിയത്, പാവം !. അച്ഛൻ അമ്മിണിയെ വിളിച്ചു . അവളുടെ കണ്ണുകൾ നിറഞ്ഞതു കണ്ട് അച്ഛൻ കാര്യം തിരക്കി . അവൾ നടന്നത് പറഞ്ഞു . അച്ഛൻ  ആ പെൺ കുട്ടിയുടെ അടുത്തേക്ക് പോയി .അവളുടെ കൈപിടിച്ച് വീട്ടിലോട്ട് കൊണ്ടുവന്നു. അവൾക്ക് വയറുനിറച്ച് ഭക്ഷണം കൊടുത്തു . അവളൊരനാഥയാണ് . അവളെ അവരുടെ വീട്ടിലൊരംഗമാക്കി .അങ്ങനെ ആ ചെറുകുടുംബം  ഓണക്കാലം തികച്ചും സന്തോഷകരമായി വരവേറ്റു .

നിഹാല ജെബിൻ എൻ . എം

10 C

# കാറ്റേ നീ

കാറ്റേ നിൻ വരവിനായ്....

ഏറെ നാളായ് കൊതിക്കുന്നു

നിന്റെ മൃദുലമാം കരതണൽ

കാത്തുനിന്നു ഞാൻ

കാണാത്തനിൻ ഓരോ

സ്പർശവും ഞാൻ അറിയുന്നു

എങ്കിലും നിന്നെ ഒരു നോക്കു

കാണാൻ കൊതിച്ച ഞാൻ

എന്തുകൊണ്ട് നീ എന്നിൽ നിന്നും

മറഞ്ഞുനിൽക്കുന്നു?

നിൻ ആഗമനശബ്ദം കേൾക്കുമ്പോൾ

എൻമനം തുടിക്കുന്നു

പ്രകൃതിയിൽ നീ പ്രണയമായ്

ലയിച്ചു കിടക്കുന്നു...

നിന്റെ മൃദുലമായ സ്പർശനത്താൽ

എത്ര മനങ്ങൾ ചഞ്ചലമാവും?

നിൻ മൃദുലമായ മൊഴിയിൽ

എൻ നെഞ്ചിടറുന്നു

നീയറിയാതെ നിൻ മുന്നിൽ

എത്തിയെന്നെ നീ

നിൻ ചുരുളിഴകളിലെ

ഈറൻ കാറ്റായ്.......

സ്നേഹ പി എസ്

10 C

# മനസ്സ്....

“മാനസം കല്ലുകൊണ്ടല്ലാതെയൊരു

മാനവരാരാരുമുണ്ടെന്നരികിൽ

ഈ കല്ലറതൻ ചവിട്ടുപടിയിൽ

ഒരൽപ്പമിരുന്നു കരഞ്ഞിരുന്നെങ്കിൽ

ഒരു പറ്റം പ്രാപിടയൻമാർ

എന്നെ പിച്ചിചീന്തിയെറിഞ്ഞപ്പോൾ

ഒരാശ്വാസമായി നിൻ നിഴൽ

എന്നെ തഴുകിയെങ്കിൽ

ആ ഘോരാന്ധകാരത്തിൽ

കല്ലറയിൽ വന്നൊരു കുളിർതെന്നലായ്

നിൻ കണ്ണീർ തുള്ളികൾ

എന്നെ തലോടിയെങ്കിൽ

ഒരു പൊൻ പനിനീർ പൂപോലെ


വെളിച്ചത്തിലേക്കെത്തുവാൻ

ഞാൻ വിതുമ്പി നിന്നു പക്ഷെ.........

തമസ്സാകുമെൻ കല്ലറയിൽ

ഞാൻ സ്വയം അടങ്ങി.....

ജാഹിദ
10 C



# ഗുരു...

ആദ്യാക്ഷരം കുറിച്ചുതന്ന എൻ ഗുരു............

കടലിലെ തിരകൾ എണ്ണാൻ പഠിപ്പിച്ച എൻ ഗുരു......

സത്യമേവ ജയതേ ചൊല്ലിപ്പഠിപ്പിച്ച എൻ ഗുരു ........

വചനവും കർമ്മവും എൻ നാവിൽ ഉരുവിട്ടുതന്ന എൻ ഗുരു .........

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു പാടിപ്പഠിപ്പിച്ച എൻ ഗുരു........

ജീവിതത്തിൽ അറിവിന്റെ വെളിച്ചമായ് നിന്ന എൻ ഊരു...

ഗുരു.............ഗുരു..........ഗുരു...........

മാതാ പിതാ ഗുരു ദൈവം.........

അജ്മൽ ടി

10 C

# സൗഹൃദം...



ആദ്യദർശനത്തിൽ പരസ്പരം

കൈമാറിയ പുഞ്ചിരി

അതൊരു ദൃഢബന്ധത്തിൻ കഥയായ്

മാറുമെന്നറിഞ്ഞില്ല ഞാൻ

അവനോടൊത്തുള്ള നിമിഷങ്ങളിൽ

നൊമ്പരം എന്നെ വിട്ട് പിരിഞ്ഞുപോയ്

സുഖമെവിടെയോ വിരിഞ്ഞുനിന്നു

സ്നേഹത്തിനായി കേണ കരഞ്ഞില്ല

എന്നിലോട്ട് വന്ന ബന്ധങ്ങളെ എന്നും

നിലനിർത്തിയിട്ടേയുള്ള ....

എന്നോട് പങ്കിട്ടു സ്നേഹാദരവും

സാന്ത്വനവും കുസൃതിയും

സ്നേഹമഴയായ് പെയ്തുനിന്നു

സ്നേഹാദരങ്ങളേറ്റു വാങ്ങി

വസിക്കുന്നെൻ അകതാരിൽ

‘ അവനൊരു ’ നല്ല

സൗഹൃദത്തിനുടമയായ്.

ജിഷ്ണ. കെ . ജി

10 C

# പ്രണയിനി

കാറ്റായി പുണരുന്ന നിന്റെ

ആർദ്രമാം ഹൃദയത്തിൽ

ഒരു വർണജാലം പോലെ ......

നിൻ കണ്ണുകൾ തെളിയവേ

നിലാപുഞ്ചിരിയിൽ വീഴുന്ന

മഴനീർ തുള്ളികൾ പോലെ

വിടരുന്ന പൂവുകളുടെ

സുഗന്ധം പോലെ

നിൻ കുളിരേകും ഹൃദയം

രാവിന്റെ മുത്തുകൾ വിതറുന്ന

നക്ഷത്രങ്ങളുടെ ജ്വലനം

മായാവർണം പോലെ

നിൻ മിഴികൾ തുളുമ്പുന്നു എന്നിൽ

സാഹിത്യ എം . ജെ

10 C

# പെൻസിൽ

മുനയൊടിഞ്ഞതാണെങ്കിലും

പരീക്ഷാത്തലേന്ന്

പാതി മറന്ന ഉത്തരങ്ങളെ

വീണ്ടും ഓർമിപ്പിച്ചത് നീയാണ്.

പകുതി പാഠത്തെ കടിച്ചുമുറിച്ച്,

പണയം വെച്ചാണ്

എന്റെ ചിറകുകളെ കോറിയിടാൻ

നിന്നെ കൂട്ടുവിളിച്ചത്.

ആയിരം ആകാശങ്ങളെ

തുന്നിച്ചേർത്ത്

ഒറ്റച്ചിറകിൽ പറക്കാൻ പഠിപ്പിച്ചതും നീ !

എന്നിട്ടും ......ഉത്തരപ്പേപ്പറിൽ

എവിടേയോ ശൂന്യത നിറച്ച്

എന്നെ വീണ്ടും വീണ്ടും തോൽപ്പിച്ചതും നീ !

ഷഹന എ. എസ്

10 C

# നിഴൽ

നിഴലേ നീ  എന്നെ എന്തിനു പിന്തുടരുന്നു

നിന്നെ  ഞാൻ മറക്കരുതെന്ന്കരുതിയാണോ...

നീ എന്നിലെ ആഴങ്ങളിലുള്ള ആത്മാവാണോ

അതോ എനിക്ക് മാത്രമായി തോന്നുകയാണോ

ഞാൻ എന്തു ചെയ്യുന്നുവോ നീ

അതുപോലെ ചെയ്യുന്നു

ഒരു കണ്ണാടി പോലെ

ചിലപ്പോൾ നിന്നെ  കാണുമ്പോൾ

തന്നെ ദയതോന്നും

ഇരുട്ടുകളിൽ ഒരു ഭയാനകമായ

രൂപമായി നീ  പ്രത്യക്ഷപ്പെടും

ചിലർ ഭയക്കുന്ന രൂപമായി

അമൃത. ടി. ആർ

9.B

# ദരിദ്രരായ അമ്മയും മോനും

ഒരു ഗ്രാമത്തിൽ ഒരുപാട് പണക്കാരായ ആളുകളുടെ വീടുകളുണ്ടായിരുന്നു . പക്ഷേ എല്ലാ വീടും ഒരുപോലെ ആയിരുന്നില്ല, ആ ഗ്രാമത്തിലെ ഒരു വീട് . ആ വീട് വളരെ ദരിദ്രരായ കുടുംബമായിരുന്നു . കുടുംബം എന്നു പറഞ്ഞാൽ ഒരു അമ്മയും മോനും മാത്രമേ ഉണ്ടായിരുന്നുള്ളൂ . അവന്റെ അച്ഛൻ ഒരു ആക്സിഡന്റിൽ മരിച്ചുപോയി . അതിന്റെ ദുഃഖത്തിലും ക ഷ്ടപ്പാടിലും അവന് സ്കൂളിലേക്കു പോവാൻ പറ്റിയിരുന്നില്ല ഒരു മാസത്തെ പഠനമാണ് അവന് ഒഴിവായത് . പിന്നെ അമ്മ പണിക്കു പോവാൻ തുടങ്ങി . ആ പണിക്ക് പോവുന്ന ദിവസം വൈകുന്നേരം വരെ അവൻ ഒറ്റക്കായിരുന്നു . അമ്മയ്ക്ക് ആദ്യത്തെ ശമ്പളം കിട്ടിയ ദിവസം മുതൽ അവൻ സ്കൂളിൽ പോവാൻ തുടങ്ങി . ആദ്യം പഠിച്ചുകൊണ്ടിരുന്ന സ്കൂളിൽ പോയപ്പോൾ അവനെ കുട്ടികൾ കളിയാക്കാൻ തുടങ്ങി .അതുകൊണ്ട് അവനെ സ്കൂൾ മാറ്റി .നന്നായി പഠിക്കാനും മൽസരങ്ങൾക്കും പങ്കെടുക്കാനും അവനിഷ്ടമായിരുന്നു. ഒരു ദിവസം അവൻ സ്കൂളിൽ പോയി വന്ന് ഹോം വർക്ക് ചെയ്യുകയായിരുന്നു. അപ്പോൾ അവന്റെ അമ്മയുടെ ബാഗിൽ നിന്ന് ഒരു പേപ്പർ വീണു. അവനതെടുത്തു നോക്കിയപ്പോൾ ഞെട്ടിപ്പോയി .അവന്റെ അമ്മയുടെ കാലിൽ വലിയ ഒരു മുറിവുണ്ട് . എല്ലുകൾ പൊട്ടിയിട്ടുമുണ്ട് ഓപ്പറേഷനു 5000 രൂപ ആവശ്യമാണ് . ഇതാണ് ആ പേപ്പറിൽ കണ്ടത് . അവൻ ആ പേപ്പർ തിരിച്ച് ബാഗിൽ തന്നെവച്ചു . അമ്മ വരുന്നതു കണ്ടപ്പോൾ അവൻ വേഗം താഴെയിരുന്ന് കണ്ണു തുടച്ച് ഹോം വർക്ക് ചെയ്തു .

അമ്മ ഡ്രസ്സ് മാറ്റി വന്നപ്പോൾ  അവന്റെ കൂടെയിരുന്നു .

അപ്പോഴാണ് അവനൊരു കാര്യം ഓർമ്മ വന്നത് 2 ദിവസം കഴിഞ്ഞാൽ ഓണമാണ് . നാളെ ഏതൊക്കെ മൽസരങ്ങൾക്ക് പങ്കെടുക്കുന്നുവെന്ന് പേര് നൽകണം . അവൻ അത് അമ്മയോട് പറഞ്ഞു . അപ്പോൾ അമ്മ പൂവിടലിനും , പാട്ടിനും , ഉറി അടിക്കലിനും പങ്കെടുക്കാൻ പറഞ്ഞു . അവനു വലിയ സന്തോഷമായി . അവൻ രാത്രി കഞ്ഞിയും , ചീര ഉപ്പേരിയും കഴിച്ചു . അമ്മേയും അത് തന്നെയാണ് കഴിച്ചത് . പിറ്റേ ദിവസം രാവിലെ അവൻ സ്കൂളിൽ പോയി ടീച്ചറോട് എന്തിനൊക്കെ ഉണ്ട് എന്ന് പേര് കൊടുത്തു . അവൻ മൂന്ന് മൽ സരങ്ങൾക്കാണുള്ളത് . വടംവലി അവന് ഇഷ്ടമല്ല. അവൻ പൂവിടലിനും , പാട്ടിനും , ഉറി ഉടക്കലിനും ആണ് ഉള്ളത് . പൂവിടലിൽ 1st പ്രയിസ് 1000 രൂപ കിട്ടി , പാട്ടിന് 1st പ്രയിസ് 1000 രൂപ കിട്ടി , ഉറി ഉടയ്ക്കലിനും 1st പ്രയിസ് 4000 രൂപ കിട്ടി . അവനതു അമ്മയോട് പറഞ്ഞപ്പോൾ അമ്മയ്ക്കു സന്തോഷമായി . പിന്നെ അവൻ ഓണത്തിന് റെഡിയായി . വെള്ള ഷർട്ട് അവനുണ്ടായിരുന്നു അവനതിട്ട് സ്കൂളിലേക്ക് പോയി . അവന്റെ എല്ലാ പരിപാടിയും കഴിഞ്ഞപ്പോൾ എല്ലാ മൽസരത്തിലും അവൻ ഫസ്റ്റ് പ്രയിസ് നേടി. സ്കൂൾ വിട്ട് പോവുന്നതിനു മുൻപ് നല്ല ഓണസദ്യയും ഉണ്ടു . അവൻ വീട്ടിലേക്കു ചെന്നപ്പോൾ അമ്മ വിറക് വെട്ടുകയായിരുന്നു . അവൻ അമ്മേ എന്ന് ഉറക്കെ വിളിച്ചു . ഇതാ അമ്മയ്ക്ക് ഓപ്പറേഷൻ ചെയ്യാനുള്ള പൈസ . ഇതിൽ 6000 രൂപയുണ്ട്  അമ്മയ്ക്ക് സന്തോഷമായി  എന്നിട്ട് അമ്മയുടെ ഓപ്പറേഷനും കഴിഞ്ഞു  അവർ സുഖമായി ജീവിച്ചു.

നസ്‌ല .സി. കെ

8.A

# നന്ദിയില്ലാത്ത പാമ്പ്

അതൊരു മഞ്ഞുകാല പ്രഭാതമായിരുന്നു . ഒരു കൃഷിക്കാരൻ മറ്റുള്ളവരോടൊപ്പം പാടത്ത് പണിക്കുപോവുകയായിരുന്നു . " അതാ അവിടെ യൊരു പാമ്പു ചത്തുകിടക്കുന്നു ” അവരിലൊരാൾ പറഞ്ഞു . "ഇതാ തണുപ്പിൽ മരവിച്ചു പോയതാണ് അതിനെ പെട്ടെന്ന് ദൂരെ കളയൂ അത് വിശ പാമ്പാണ്" . ഒരാൾ വിളിച്ചു പറഞ്ഞു . പക്ഷെ കൃഷിക്കാരന് അതിനോട് ദയ തോന്നി “ പാടില്ല പാവം ”ഇതിനെ സംരക്ഷിക്കണം എന്ന് പറഞ്ഞ് അയാൾ അതിനെ തന്റെ കോട്ടിന്റെ പോക്കറ്റിൽ ഇട്ടു . ചൂടുകിട്ടുമല്ലോ അയാൾ മനസ്സിലോർത്തു . പെട്ടന്ന് പാമ്പ് വളയാനും പുളയാനും തുടങ്ങി .

" അതു രക്ഷപെട്ടു " സന്തോഷത്തോടെ അയാൾ പോക്കറ്റിൽ കയ്യിട്ടു പാമ്പിനെ എടുക്കാൻ തുടങ്ങി . പാമ്പ് കൃഷിക്കാരന്റെ കൈയിൽ തന്റെ വിഷപ്പല്ലുകൾ കൊണ്ട് കടിച്ചു....

“അയ്യോ...” കൃഷിക്കാരൻ നിലവിളിച്ചുകൊണ്ട് നിലത്തുവിണു.

“ഞാൻ പാമ്പിനോട് ദയ കാണിക്കാൻ പാടില്ലായിരുന്നു.”

അപർണ .കെ. എ

8.C

# ഡിജിറ്റിൽ പെയിന്റിങ്ങ്











നിഹാല ജെബിൻ

10.C

# മരംമനോഹരം



ദിനം തോറും മന്ദമാരുതാൻ വന്ന -

തിനെത്തഴുകിത്തൊട്ടുണർത്തി

അതിൽ കൂട്ടുകൂട്ടിയ കിളികൾ

പാട്ടുകൾ പാടിവന്നെത്തി

ഇളംമഞ്ഞപ്പൂക്കളിലെ മധു നുകരാനായി

കൊച്ചുവണ്ടുകൾ പറന്നെത്തി

കണ്ണിനു കുളിരേകാൻ പച്ചിലകൾ ചാർത്തിയൊരു

വന്മരം അതു വളർന്നിന്നു വാനോളമെത്തി

എന്നെന്നുമേരാത്രിയതിനെ താരാട്ടുപാടിയുറക്കാൻ

നിലാവുണ്ടാകും ,താരകങ്ങളുണ്ടാകും

ഇളംകാറ്റുണ്ടാകും ,ചീവീടിൻനാദമുണ്ടാകും

എന്നും പുലരിയിലതിനെപ്പിടിച്ചുണർത്താൻ

നാദമതുതേടിപ്പോകും കിളിതന്നൊലിയും

സൂര്യശോഭയും കണ്ണിനുകണിയായ് പൂക്കളുമുണ്ടാകും

ഒരിക്കലൊമാരം ഉച്ചമയക്കത്തിലിരിക്കേയതിൻ

കരങ്ങളിൽ പക്ഷികുഞ്ഞുങ്ങളും വിരിയാ

മുട്ടകളും ഗർഭിണിയും നാരിതന്നുദരത്തിലെ പൈതലിനെ

ക്കാക്കുംപോലായതാമരമാശിശുക്കളെപൂണുനിന്നു

അന്നേരം വൃക്ഷാദനം തന്റെ കയ്യിൽ പിടിച്ചൊരു

ദുഷ്ടനാം മാനുഷ്യൻ അതു വഴിയേവന്നു

എന്നിട്ടതുമണ്ണിൽ കിടത്തിവെച്ചു കൊണ്ടവൻ

കൈകൂപ്പി നിന്നിട്ടു ചൊന്നു

“അല്ലയോമാമരേ നിന്നെവധിപ്പാന

നുമതി നൽകണ"യെന്നു മെല്ലേ ചെന്നു

ഇത്രയും ചൊല്ലിയവൻ വൃക്ഷഭേധി

കൊണ്ടാമരം നിന്നു വേദനകൊണ്ടമരം

നന്നേ പുളഞ്ഞുതൻ ഭാഷയാലേ കരഞ്ഞു മൊഴിഞ്ഞ :

“നിക്കെടോമനുഷാ വെട്ടല്ലേ നീയെന്നേ

യെൻ കുഞ്ഞുങ്ങളുണ്ടെന്റെ കയ്യിൽ

ഈ മിഥ്യയതോന്നുനീ നിർത്തു"

മാമരത്തിന്റെയാഹാർദാം മൊഴിയതു

കേൾക്കാൻ  കഴിഞ്ഞില്ലയാദൃഷ്ടന്

അതുകേൾപ്പാൻ കഴിയാത്തതിന്റെ നിമിത്തം

മരം സ്നേഹഭാഷയിലാണമൊഴിഞ്ഞത്

പെട്ടെന്നാചങ്കുരം മൃത്തിൽ പതിച്ചു

അന്ത്യ നിദ്ര യാണ്ടു സ്വർഗ്ഗം പൂകുന്നതിൻ

തൊട്ടുമുമ്പേയത് കോപത്താൽ പുലമ്പി :

“മനുഷ്യാ നീ അന്തനാണോ ? ”

സീതാര എം. എസ്

9.D

# നമുക്ക് വേണം നല്ല നാട്

അഴുക്കിലൂടെ നടക്കരുതെ

അഴുക്കുചാലിൽനീന്തരുതെ

അഴുക്കുപറ്റിയ കുപ്പായം

അയ്യോപിന്നേയുമണിയരുതെ

ശുചിയില്ലാതെ നടന്നെന്നാൽ

രോഗം നമ്മെപിടികൂടും

നമ്മൾക്കെന്നും കൂട്ടാകും

പന്നിയും , ചുമയും , ജലദോഷവും

കൊതിനേം തവളയേം പെരുക്കരുതെ

ഈച്ചയെ വീട്ടിൽ കേറ്റരുതെ

ഈച്ചേം കൊതുകും നാടെങ്ങും

രോഗം വിതറും സൂക്ഷിച്ചോ

ചപ്പും ചവറും പ്ലാസ്റ്റിക്കും

വീടിനു ചുറ്റും ക്ലൂട്ടരുതേ

ശുചിത്വ സുന്ദര കേരളമായ്

നാടിനെ മാറ്റാം നമ്മൾക്ക്

അമൃത . കെ

9 A

# നന്ദിപൂർവ്വം




സ്കൂളിനുള്ളിൽ ശീതളമായ കാറ്റിൽ വീശി കൊഞ്ചിയും കുവഞ്ഞും ആടിത്തിതിമിർക്കുന്ന ചില്ലകൽ നിറഞ്ഞ മരവും അതിനോടുകൂടിനിൽക്കുന്ന കെട്ടിടങ്ങൾക്കും , അതിനുല്ളിൽ നങ്ങൾക്കുണ്ടാവുന്ന ഇണക്കങ്ങൾക്കും , പിണക്കങ്ങൾക്കും , ചെറിയ കുസൃതികളുഅക്കും , വഴക്കിടാൻനിൽക്കുന്ന കൂട്ടുകാർക്കും , കുത്തിവരച്ചിട്ട ഓരോ ഡസ്കിനും , ബെഞ്ചിനും , വേനൽ ചൂട്ടിൽ കളിച്ച് കഴിഞ്ഞ് ഞാനാദ്യം ഞാനാദ്യം എന്ന് പറഞ്ഞ് വികൃതിയോടെ പൈപ്പിൻ ചുവട്ടിലേക്ക് ഓടുന്ന കൂട്ടുകാർക്കും,

അതിനിടയിൽ പൊട്ടിപ്പോയ പൈപ്പുകൾക്കും,ടീച്ചർമാർ അറിയാതെ ചുമരിലും, വാതിലിലും എഴുതി തേഞ്ഞ് പോയ ചോക്കിനും,ഗ്രൗണ്ടിലേക്ക് നോക്കി കമന്റ് അടിക്കാൻ സഹായിച്ച ജനാലകൾക്കും,നേട്ടങ്ങൾ നേടിതന്ന ഓരോ കലോത്സവങ്ങൾക്കും,വിരലുകൾ കൊണ്ട് കീബോർഡിൽ കുത്തികളിക്കുമ്പോഴും,ഓണാവാതെ കിടന്ന ലാബിലെ കമ്പ്യൂട്ടറിനും ഫാനും,ലൈറ്റും, പ്രൊജക്റ്ററും സ്ക്രീനും ടൈൽസും കൊണ്ട് സമ്പന്നമായ ക്ലാസിനും എന്നെ നന്നാക്കിയ അദ്ധ്യാപകർക്കും ,എപ്പോഴോ വീണുകിട്ടിയ സൗഹൃദത്തിനും ,അവരുമായി ചിലവിട്ട സുന്ദര നിമിശങ്ങൾക്കും , ഇടയ്ക്ക് വീണുകിട്ടുന്ന ഒഴിവുപിരീടിനും , അതൊരു കളിക്കളമാക്കിമാറ്റൻ സഹായിച്ച എല്ലാ കൂട്ടുകാർക്കും അറിവ് വായനയിലൂടെ പകർന്നു തന്ന ലൈബ്രറികൾക്കും ഓരോരോ വിയത്തോടുണ്ടാവുന്ന ഇഷ്ടത്തിനു ഇഷ്ടക്കേടിനും, പരീക്ഷാസമയത്ത് ചോദ്യപ്പേപ്പറിനെ പേടിച്ച് ക്ലാസ്സിൽ കയറുന്ന ഞങ്ങൾക്കും , പരീക്ഷാനിമങ്ങളെ ഒരു പൊട്ടുപോലും വിട്ടുകൊടുക്കാത്ത ഞങ്ങളുടെ അദ്ധ്യാപകർക്കും പരീക്ഷാകഴിഞ്ഞ് ഉത്തരക്കടലാസുകൾ കയ്യിൽ കിട്ടുമ്പോൾ ഉണ്ടാവുന്ന സന്തോഷവും , സങ്കടവും ഇതെല്ലാം തന്ന ആ സുന്ദര നിമിഷങ്ങൾ ക്കും , സ്കൂളിലേക്ക് തിരിച്ച് മടങ്ങുമ്പോഴും ചവിട്ടിഞെരിച്ച ഓരോ മൺതരികൾ ക്കും

ആശംസകളോടെ ആയിര മായിരം നന്ദി ..........

ഫാത്തിമത്ത് സാഹിന.എസ്

9.C

# എന്റെ അച്ഛൻ

നമ്മുടെ ഉയരങ്ങൾക്ക് വലിയകാരണം തന്നെയാണ് അച്ഛൻ . അച്ഛന്റെ സ്നേഹം മുഴുവനായി മനസ്സിലാക്കാൻ കുറച്ച് മക്കൾക്കേ സാധിക്കുകയുള്ളു . അച്ഛൻ തന്റെ വിഷമങ്ങൾ മക്കളെ അറിക്കാതെയാണ് വളർത്തുന്നത് . കുഞ്ഞായിരിക്കുമ്പോൾ നമ്മുടെ ഹീറോ തന്നെയാണ് നമ്മുടെ അച്ഛൻ . അച്ഛൻ നമ്മെ തോളിൽ കയറ്റിയിരുത്തി വളർത്തും . വെയിലും മഴയും നോക്കാതെ ചോര നീരാക്കി നമ്മളെ വളർത്തി വലുതാക്കിയതിന്റെ കഷ്ടപ്പാട് ഒരിക്കലും നമ്മോട് പറഞ്ഞിട്ടില്ല . അച്ഛൻ എന്ന മഹാത്മാവിന്റെ വില മനസ്സിലാക്കാത്ത ഒരു മക്കൾ പോലും ജീവിതത്തിൽ വിജയിച്ചിട്ടില്ല .

“ അടുക്കും ആഴം കൂടുന്ന ...... ജലാശയമാണ് അച്ഛൻ

ഉപന്യ . യു

9 C

# മാതൃത്വം

“ അമ്മയായ് തഴുകുന്ന ഓർമ്മകളിൽ

ഒരു നന്മകൾ ഒഴുകുന്ന ചോലയായി .

അല്ലലും സൊല്ലലും മാറിനിൽക്കും

എൻന്നമ്മതൻ സ്നേഹത്തിരയിനുല്ളിൽ

ധന്യമായ് പോകുന്ന വഴികളെല്ലാം

നവ പുണ്യമായ് തീർത്തനമായ്

എന്നമ്മ മാത്രം ”

ദീപിക . പി. സി

10 A

# പ്രളയക്കെടുതിയിലും ..മുന്നോട്ട്

രണ്ടു വർഷമായി കേരളം നേരിടുന്ന വലിയ ദുരന്തമാണ് പ്രളയം. ഈ പ്രളയത്തിൽ നഷ്ട്ടമായത് ലക്ഷക്കണക്കിനു ജീവനുകളും സൊപ്നങ്ങളുമാണ്.കലിത്തുള്ളിയാടിയ മഴയ്ക്കുമുമ്പിൽ നഷ്ട്ടപെട്ടത് ഒരു ആയുസിന്റെ സാമ്പാദ്യമാണ്. എങ്കിലും നമ്മൾ അതിജീവിക്കും കാരണം ഇത് കേരളമാണ്. അതെ ഇത് കരളുറപ്പുള്ള കേരളമാണ് . പ്രളയത്തെ അതിജീവിച്ചത് കേരളീയജനതയുടെ കൂട്ടായ്മയിലൂടെയാണ് . പ്രളയത്തിൽ നാം ദർശിച്ചത് പ്രകൃതിയുടെ മറ്റൊരു മുഖമാണ് . മഴവെള്ളപാച്ചിലിൽ ഒലിച്ചിറങ്ങിത് കേരളീയജനതയുടെ ഒരായുസ്സിന്റെ ഫലമായിരുന്നു . പ്രകൃതിയുടെ ഭാവമാറ്റത്തിന്റെ കാരണം മനുഷ്യൻ തന്നെയാണ് . ഭൂമിയുടെ ആത്മാവായ നദികൾ ഒഴുകേണ്ട വഴികൾ അവർ വന്മലപോലുള്ള ഫ്ലാറ്റുകൾ നിർമ്മിക്കാനായി വിനിയോഗിച്ചു . എന്നാൽ പ്രകൃതി ക്ഷോഭം രണ്ടു വർഷമായി ഇതിനെല്ലാം എതിരെ പ്രവർത്തിക്കുന്നു . അടുത്ത വർഷം മഴക്കെടുതികൾ നമ്മെ വലയ്ക്കാതിരിക്കട്ടെ എന്ന് നമ്മുക്ക് പ്രാർത്ഥിക്കാം .

മിതിലദാസ് . എം

10 A

# മഴ

ഉണ്ണിക്കുട്ടന്ഇന്നും സ്കൂളിൽ പോകാൻ മടിയായിരുന്നു അവനെ ഈ അധ്യായന വർഷത്തിലാണ് സ്കൂൾ മാറ്റിയത് അതുകൊണ്ടുതന്നെ അവന് കൂട്ടുകാരെയൊന്നും കിട്ടിയില്ല അതു കൊണ്ടുതന്നെയാണ് അവന് സ്കൂളിൽ പോകാൻ ഇത്രയും മടി . പതിവു പോലെ ഇന്നും ഉണ്ണിക്കുട്ടൻ സങ്കടത്തോടെ സ്കൂളിലേക്കു പോവാൻ ഉറങ്ങി . നടന്ന പകുതിയെത്തിയപ്പോൾ അതാ മേഘത്തിൽ നിന്നൊരു ശബ്ദം . ആ ശബ്ദം ഇതായിരുന്നു " ഉണ്ണിക്കുട്ടാ ഇനി നീ ഒരു കൂട്ടുകാരനില്ലെന്നു കരുതി വിഷമിക്കേണ്ട ഞാൻ നിന്റെ ഏറ്റവും നല്ല സുഹൃത്തായിരിക്കും " ഉണ്ണിക്കുട്ടൻ ചോദിച്ചു "അതെങ്ങനെ സംഭവിക്കും ? ഞാൻ നിന്നെ കാണുന്നുപോലുമില്ലല്ലോ മാത്രമല്ല എന്നിൽ നിന്നും നീ വളരെ ഉയരത്തിലുമാണ് പിന്നെ അത് എങ്ങിനെ ശരിയാവും ? " ഇതൊക്കെ ഞാൻ ഇപ്പൊ ശരിയാക്കാമെന്നു പറഞ്ഞ് ആമേഘം മുകളിൽ നിന്ന് മഴയായി താഴേക്ക് പൊഴിഞ്ഞുവീണു അങ്ങനെ ഉണ്ണിക്കുട്ടൻ ആ മഴയിൽ ആടി പാടി ഉല്ലസിച്ചു . ഉണ്ണിക്കുട്ടന് സന്തോഷമായി ....

ഉണ്ണിക്കുട്ടന് ഒരു നല്ല സുഹൃത്തിനെകിട്ടും വരെ ആ മഴ ഉണ്ണിക്കുട്ടന്റെ കൂടെയുണ്ടായിരുന്നു ...

സാന്ദ്ര കെ .ജെ

10 A

# പൂപ്പാട്ട്

പൂവായ പൂവെല്ലാം -പിള്ളേരറുത്തു

പൂവാം കുരുന്നില-ഞാനുമറുത്തു

പിള്ളേരുടെപൂവെല്ലാം-കത്തിക്കരിഞ്ഞേ

എന്നുടെ പൂവെല്ലാം-മിന്നിത്തെളിഞ്ഞേ

ചുറ്റാൻ തുണിയില്ല  വീടിനു പൂട്ടില്ല,

പൂക്കാട്ടുണിച്ചിരീ ,പൂക്കാട്ടുണിച്ചിരീ

പൂവിറുക്കാനായി  പോരുന്നുടോട,

നാനില്ല നാനില്ല വട്ടില്യ കൊട്ട്യേല്ല,

വട്ടിക്കു കയറില്ല നാത്തൂനാരേ,

ചുറ്റാൻ തുണിയില്ല വീട്ടിനു പൂട്ടില്ല ,

ഉമ്മറത്താളില്ല്യ നാത്തൂനാരേ,

പൂവേപൊലി,പൂവേപൊലി, പൂവേപൊലി

നാടെങ്ങും പൂവേപൊലിപൊങ്ങട്ടെ അച്ചിമാരേ,

അശ്വതി എം. സി

10 A

# പ്രളയം

രാവില്ല പകലില്ല ഏതുനേരവും

കോരിച്ചൊരിഞ്ഞീടുന്നീ മഴ

തുള്ളിമുറിയാതെ മഴ പെയ്തീടുമ്പോൾ

മെല്ലെ കേരളം വെള്ളത്തിലാവുന്നു

അമ്മയും കുഞ്ഞും വൃദ്ധമാരും

വെള്ളത്തിനടിയിലിരുന്ന് തൊഴുതീടുന്നു

ദൈവമേ നീവരൂ

ഞങ്ങളെ ഇവിടുന്ന് രക്ഷിച്ചീടൂ

ദരിദ്രനും പണക്കാരനും വെള്ളത്തിനടിലായി

ദൈവത്തെ പോലെ കടലിൻ മക്കൾ

സ്വന്തം ജീവൻ മറന്ന് രക്ഷിച്ചവരെ

അർച്ചന . പി . എ

9. B

# ചാണക്യൻ

രാജ്യതന്ത്രജ്ഞൻ, ചിന്തകൻ, പുരാതന രാഷ്ട്രമീമാംസാ പ്രബന്ധമായ'അർത്ഥശാസ്ത്രത്തിന്റെ കർത്താവ് എന്നിനിലകളിൽ പ്രശ് സകനായ ചാണക്യൻ ജനിച്ചു.'അർത്ഥശീസത്രതം'ഗ്രന്ഥകാർകത്താവിന്റെ കാലംവരെ അർത്ഥത്തെക്കുറിച്ച് ഇന്ത്യയിൻ എഴുതപ്പെട്ടിട്ടുള്ളതിന്റെയെല്ലാം ഒരു സമാഹരമാണ്. ഇദ്ദേഹം തക്ഷശിലയിൽ (ഇപ്പോൾ പാകിസ്താനിൽ) വിദ്യാഭ്യാസം നേടി. വൈദ്യശാസ്ത്രത്തെയും വാനശാസത്രത്തെയും കുറിച്ച് ഇദ്ദേഹത്തിനറിയാമായിരുന്നു. സൊറാസ്ട്രിയൻമതക്കാർ ഇന്ത്യയിലേക്കുകൊണ്ടുവന്ന ഗ്രീക്ക്,ചേർഷ്യൻ നിജ്ഞാനത്തിന്റെ ചില ഘടകങ്ങളെക്കുറിച്ചും ജ്ഞാതമുണ്ടയിരുന്നു. ചാണക്യൻ സൊറാസ്ട്രിയൻ മതാനുയായി ആയിരുന്നു അഥവാ കുറഞ്ഞ പക്ഷം ആ മതം അദ്ദേഹത്തെ ശക്തമായി സ്വാധീനിച്ചിരുന്നുവെന്ന് ചിലപണ്ഡിതന്മാർ കരുത്തുന്നു. പ്രഥമ മൗര്യ ചക്രവർത്തിയായ ചന്ദ്രഗുപ്തന്റെ ഉപദേഷ്ടിയും സഹായിയും ആയിരുന്ന ചാണക്യൻ . പാടലീപുത്രത്തിലെ ശക്തമായ നന്ദരാജവംശത്തെ നിഷ്കാസനം ചെയ്യുന്നതിന് കാരണക്കാരൻ ചാണക്യനായിരുന്നു. കുടിലതന്ത്രജ്ഞനെങ്കിലും ഭദ്രമായ രാഷ്ട്രീയ വിവേകവും മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയും ഇദ്ദേഹത്തിനുണ്ടായിരുന്നു...

ജിൻസിരാജ്.ആർ

9.B

# തെരുവിന്റെ സന്തതി

കരുത്തൻ തുണിനെ ചേർത്തുപിടിച്ചവർ

കേഴുന്ന കദനസ്വരങ്ങളോടെ

വിതുമ്പുന്ന താളം മുഴങ്ങുന്ന നെഞ്ചിന്റെ

വീഥിയിൽ പൂളങ്കുപോൽ ചിതറിടുന്നു

കാലം കനിഞ്ഞൊരു അന്ധകാര കൂട്ടിൽ

ഏകയായ് അലയുന്ന ഭ്രാന്തിയായി

ചിറകറ്റുപോയൊരു അരയന്നം പോലവൾ

ജീവികപൊയ്കയിൽ തുടിക്കുമ്പോൾ

ഓർമ്മതൻ കുമിളകൾ വിരിയുന്നു പൂക്കളായ്

നെഞ്ചിൽ പതിച്ചതുകൊഴിയുന്നു

തെരുവിന്റെ മാറത്തു ചാഞ്ഞുറങ്ങുന്നവൾ

തെരുവിന്റെ താരാട്ടിനീണമായ് വാണവൾ

തെരുവിന്റെ ദുഃഖത്തിലേർപ്പെടുമ്പോൾ അവൾ

തെരുവിന്റെ പെറ്റൊരു തെരുവിന്റെ സന്തതി.....

തൃഷ്ണ.വി .എസ്

9. D

# കേരളം നമ്മുടെ കേരളം



കേരളം .... നമ്മുടെ.... കേരളം....

കളകളം ഒഴുകും പുഴയുടെ

നാദം കേരളം നമ്മുടെ കേരളം.....

കാടിൻ പച്ചയായ് കേരളം നമ്മുടെ കേരളം....

പൂക്കൾ വിരിയും സുഗന്ധമായ്

കേരളം.... നമ്മുടെ.... കേരളം.....

പക്ഷികൾ തന്നുടെ ഗീതം തുളുമ്പും

കേരളം.... നമ്മുടെ....കേരളം...

ഇന്ന് ദൈവനാടെവിടെ?

നാശത്തിന് വിനാശമായ്

കേരളം.... നമ്മുടെ....കേരളം....

പ്ലാസ്റ്റിക്ക് എന്ന ഭീകരജീവിയുടെ

അടിമയായ് കേരളം.... നമ്മുടെ.... കേരളം....

പൂക്കളുടെ സുഗന്ധിതിനായ്

അലയുന്നോര് കേരളം....നമ്മുടെ....കേരളം....

ഇന്നാ കാടിൽ പച്ചയില്ലാ,

കളകളം ഒഴുകും പുഴയുടെ

നാദം നിലച്ച കേരളം.... നമ്മുടെ....കേരളം....

കാത്തിടാം നമ്മുക്ക് ഒരു മനസായി

കേരളം.... നമ്മുടെ.... കേരളം.....

പഴയ ദൈവനാടിനെ വീണ്ടെടുക്കാം.....

കേരളം..... നമ്മുടെ.....കേരളം.........

ആര്യനന്ദ . എം .എസ്

8. C

# പുഞ്ചപ്പാടത്തെ പൂങ്കുയിലേ



പുഞ്ചപാടത്തെ പൂങ്കയിലേ

പുന്നാരപാട്ടൊന്നു പാടാമോ?

അക്കണ്ടം നട്ടു ഞാൻ ഇക്കണ്ടം നട്ടു ഞാൻ

മേലേക്കണ്ടത്തിൽ ഞാറുനട്ടു

ഞാറു കുത്തിക്കേറി വരുമ്പോൾ

എന്നാലും തമ്പ്രാനു തീണ്ടലാണ്

നെല്ലായ നെല്ലെല്ലാം കൊയ്തുമെതിച്ച്

അറയിലിടുമ്പോഴും തീണ്ടലില്ല.

അറകൾ നിറച്ചു പത്തായം നിറച്ചു

ഇറങ്ങി വരുമ്പോഴും തീണ്ടലാണ്

പൊൻ മണി വാരി അറ നിറച്ചാലും

കേറിയിറങ്ങിയാൽ തീണ്ടലില്ല

എന്നിട്ടും തമ്പ്രാൻ മിണ്ടാത്തെതേന്തേ

നിതീക്കു യോഗ്യത പോരാഞ്ഞോ

കന്നിക്കൊയ്ത്തു കഴിഞ്ഞൊരു പാടം

നെൻമണി വാരി വിതറിയാലോ

മാസം പലതു കഴിഞ്ഞാലും പിന്നെയും

താമ്പ്രാന്റെ മുഖത്തു കോപം തന്നെ


കൊയ്ത്തു കാലം കഴിഞ്ഞാല് പടിപ്പുര

കേറിയാൽ തമ്പ്രാനു തീണ്ടലാണ്


കാവ്യ.സി .യു

8.A

# ഡിജിറ്റൽ പൂക്കളം







# അഷിതയുടെ കഥയിലെ സ്ത്രീയും അധികാരവും

സമൂഹഘടനയുടെ യൂണിറ്റ് എന്ന നിലക്ക് ആവിർഭവിച്ച കുടുംബം എന്ന സ്ഥാപനം അനവധി പരിണാമങ്ങൾക്ക് വിധേയമായിട്ടാണ് ഇന്ന് നാം കാണുന്ന തരത്തിലായിരിക്കുന്നത്. വിവാഹം വഴിക്കുള്ള അംഗീകൃത ലൈംഗികബന്ധമാണ് കുടുംബരൂപീകരണത്തിന്റെ അടിസ്ഥാനം . സ്വകാര്യ സ്വത്ത് എന്ന ആശയത്തിൽ നിന്നാണ് ഇന്നത്തെ നിലയിലുള്ള കുടുംബ സങ്കൽപത്തിന്റെ തുടക്കം . താൻ അധ്വാനിച്ച്കൊണ്ടു വരുന്ന സ്വത്തിലൂടെ താൻ പോറ്റുന്നവരുടെ മേലും അവരിലുണ്ടായ മക്കളുടെ മേലും അധികാരം ചുമത്താൻ തനിക്ക് അർഹത കൈവരുന്നു എന്ന നിലവന്നപ്പോഴാണ് പുരുഷൻ അധികാരകേന്ദ്രമാകുന്ന കുടുംബഘടന നിലവിൽ വന്നത് . സ്വകാര്യസ്വത്ത് നിലനിൽക്കുന്ന കാലത്ത് സമ്പത്ത് പുരുഷനിൽ മാത്രമാണ്കേന്ദ്രീകരിക്കുന്നത് . സ്ത്രീയ്ക്ക് വിദ്യാഭ്യാസവും സമ്പത്തുമുണ്ടായിട്ടും അണുകുടുംബ വ്യവസ്ഥയിലും അധികാരം പ്രധാനമായും പുരുഷനിൽ തന്നെയാണ് നില കൊള്ളുന്നത് . അവിടെ ഭരിക്കപ്പെടേണ്ടവളായി ഭാര്യ . എന്നാൽ ഭാര്യഭർത്തൃബന്ധത്തിൽ മാത്രമല്ല അധികാരം കാണുന്നത് . കുടുംബത്തിലെ മറ്റ് അംഗങ്ങളിലും , അത് പുരുഷനായാലും സ്ത്രീയായാലും , അധികാരം പിണഞ്ഞുകിടപ്പുണ്ട് . അവിടെ ഓരോ പദവിയനുസരിച്ച് അധികാരത്തിന്റെ വ്യത്യസ്തരൂപങ്ങൾ പ്രകടമാകുന്നു . ഇത്തരം കുടുംബബന്ധങ്ങളിലെ അധികാര പ്രയോഗങ്ങളുടെ സങ്കീർണ്ണതകളാണ്

**അഷിതയുടെ കഥാലോകത്തിന്റെ സാംസ്കാരിക പശ്ചാത്തലം .**

**‘ അമ്മ എന്നോടു പറഞ്ഞ നുണകൾ ’ , ‘ അഷിതയുടെ കഥകൾ ’ , ‘ വിസ്മയചിഹ്നങ്ങൾ ’ , ‘നിലാവിന്റെ നാട്ടിൽ ’ , ‘ ഒരു സ്ത്രീയും പറയാത്തത് ’ എന്നീ അഞ്ച് കഥാസമാഹാരങ്ങളെ ആസ്പദമാക്കി കുടുംബത്തിൽ അധികാരം എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്ന് അന്വേഷിക്കുകയാണ് ഈ അധ്യായത്തിൽചെയ്യുന്നത് .ദാമ്പത്യം എന്ന സമസ്യസമത്വത്തിലൂന്നിയ സ്ത്രീപുരുഷബന്ധമാണ് ദാമ്പത്യം . എന്നാൽ പലത്തോഴും പൊരുത്തപ്പെടലിന്റെയോ സഹനത്തിന്റെയോ വഴിയിലേക്ക് അത് വ്യതിചലിക്കുന്നു . അതിൽ നഷ്ടം അനുഭവിക്കേണ്ടി വരുന്നത് സ്ത്രീകൾക്കാണ് . അത്തരം ദാമ്പത്യജീവിതങ്ങളാണ് അഷിതയുടെ കഥയിലെ ഒരു പ്രധാനഭാഗം .വിവാഹമോചനം ദാമ്പത്യം പ്രമേയമായ കഥകളിൽ വിവാഹത്തിൽനിന്നുള്ള മോചനം ആഗ്രഹിക്കുന്നവരും വിവാഹമോചനത്തിലേക്ക് സാഹചര്യത്താൽ എത്തപ്പെട്ടവരും ഉണ്ട് . മണ്ണാങ്കട്ടയും കരിയിലയും , ശിഖാഗ്രം തേടിപ്പറക്കുന്ന പക്ഷികൾ , ഒത്തുതീർപ്പുകൾ , ഒരു സ്ത്രീയും പറയാത്തത് , ശിവേനസഹനാർത്തനം , എന്നീ അഞ്ച് കഥകളാണ് ‘ വിവാഹമോചനം ’ പ്രമേയമോ പശ്ചാത്തലമോ ആകുന്നവ .**

**ഭർത്താവിനൊപ്പം നഗരത്തിൽക്കഴിയുന്ന തൊഴിൽരഹിതകളായ സ്ത്രീകലുടെ മനസ്സാണ് *മണ്ണാങ്കട്ടയും കരിയിലയും* എന്ന കഥയിലെ പശ്ചാത്തലം . പ്രണയത്തിൽ നിന്ന് വിവാഹത്തിലെത്തി കുടുംബജീവിതം നയിക്കുമ്പോൾ ഭർത്താവിന്റെ പെരുമാറ്റത്തിലുള്ള മാറ്റത്തെ അവൾ വിലയിരുത്തുന്നു . സ്നേഹമോ സാന്ത്വനമോ നിറഞ്ഞ വാക്കുകൾ അയാളിൽ നിന്ന് അവൾക്ക് കേൾക്കാനായില്ല ; മാത്രമല്ല ഭാര്യയോട് അയാൾ പറയുന്നത്**

ഇങ്ങനെയാണ് . “ നിനക്കിവിടെ എന്താണ് കുറവ് ? വലിയ വീട് ഷോക്കേസിൽ ഏറ്റവും വിലപിടിപ്പുള്ള സാധനങ്ങൾ , ജോലിക്കാരി , ആഢംബരങ്ങൾ , അങ്കാരങ്ങൾ ”

(മണ്ണാങ്കട്ടയും കരിയിലയും)

സ്നേഹം ഒഴിച്ച് കുടുംബത്തിലേക്കുവേണ്ട എല്ലാസാധനങ്ങളും വാങ്ങിച്ചുകൊടുക്കുന്നുണ്ട് . അതുകൊണ്ട് സ്നേഹം നിലനിൽക്കുന്നില്ല എന്ന് അർത്ഥമില്ല . സ്നേഹം പുറത്തേക്ക് പ്രകടിപ്പിക്കാൻ കഴിയണം . അല്ലാതെ മനസ്സില് സ്നേഹമുണ്ടെന്നു പറഞ്ഞിട്ട് കാര്യമില്ല . ഇവിടെയാണ് കൗൺസലിങ്ങ് സമയത്ത് *ശിവേനസഹനർത്തന*ത്തിലെ അനുരാധയെ സംബന്ധിച്ച് ഡോക്ടർ പറഞ്ഞ മറുപടിക്ക് പ്രസക്തിയേറുന്നത് .

“ ഒരു വിവാഹം ജയിക്കാൻ സത്യസന്ധതയും സ്നേഹവും ഒന്നും വേണ്ടെന്ന് അതൊ ക്കെ ഉണ്ടെന്ന് കേവലം ഒരു തോന്നൽ മറ്റെയാളിൽഉണ്ടാക്കിയാൽ മതിയെന്ന് ”      ( ശിവേനസഹനർത്തനം ) സ്നേഹം അഭിനയത്തിന്റെ രീതിയിൽ പ്രകടിപ്പിക്കാനുള്ള സാധ്യതയായാണ് ഡോക്ടർ പറയുന്നത് . സ്നേഹം പ്രകടിപ്പിച്ചാൽ തീരുന്ന പ്രശ്നം മാത്രമേ *മണ്ണാങ്കട്ടയുമ കരിയിലയും* എന്ന കഥയിലെ നായികക്കുള്ളൂ . അങ്ങനെ സ്നേഹത്തിന്റെ പരിഗണന ലഭിച്ചു കഴിഞ്ഞാൽ അവൾക്ക് വീട്ടിലുള്ളജോലികളൊന്നും ഭാരമായി തോന്നില്ല . മാത്രമല്ല പ്രണയത്തിൽ കാമുകിക്ക് കിട്ടുന്ന പരിഗണന കുടുംബത്തിലെത്തിയാൽ ഭാര്യക്ക് കിട്ടുന്നില്ല . സ്വാതന്ത്ര്യവും സ്നേഹവും

ലഭിക്കുന്ന കാമുകി ഭാര്യയായി കുടുംബം എന്ന ചട്ടക്കൂടിനകത്ത് എത്തുമ്പോൾ സ്നേഹം നഷ്ടപ്പെടുന്നു . അതിനുള്ളകാരണം

കുടുംബത്തിലുള്ള ഉത്തരവാദിത്വങ്ങളാണ് . ഉത്തരവാദിത്വങ്ങളെ നിറവേറ്റുന്നതിനോടൊപ്പം സ്നേഹം അദൃശ്യമായാണ് നിൽക്കുന്നത് .

കുടുംബത്തിനുള്ളിലെ അരക്ഷിതാവസ്ഥയെ മറികടക്കാൻ ഭ്രാന്ത് അഭിനയിക്കുന്ന ബീന പറയുന്നത് ഇങ്ങനെയാണ് .

" എനിക്കു പുതിയ സ്വപ്നങ്ങളും പുതിയ ജീവിതവും പുതിയ ലോകവും വേണം . മരുന്നുകൾ കുറിക്കുന്ന ഈ കഴുതയ്ക്കു അതൊന്നും പറഞ്ഞാൽ മനസ്സിലാവില്ല " ( ശിഖാഗ്രം തേയിപ്പറക്കുന്ന പക്ഷികൾ )

പുതിയൊരു ജീവിതത്തിനുവേണ്ടി ഭ്രാന്ത് അഭിനയിക്കുകയാണ് ബീന ചെയ്യുന്നത് . ആ ഭ്രന്ത് ചികിത്സിച്ച് മറ്റാനാണ് ഡോക്ടർ മരുന്നുകൾ എഴുതിക്കൊണ്ടിരിക്കുന്നത് . ഡോക്ടർക്കേ അവളുടെ പഴയ ജീവിതത്തെ വീണ്ടെടുത്തു കൊടുക്കാനാവൂ . അത്തരം ജീവിതം അവൾ ആഗ്രഹിക്കുന്നില്ല . കുടുംബത്തിൽ നിന്ന് ഭർത്താവിൽ നിന്നോ മറ്റ് കുടുംബാംഗങ്ങളിൽനിന്നോ അവൾക്ക് യാതൊരു വിധത്തിലുമുള്ള സ്നേഹക്കുറവും അനുഭവിക്കേണ്ടിവന്നിട്ടില്ല എന്നിട്ടും കുടുംബം എന്ന ചട്ടക്കൂടിനുള്ളിൽ അവൾക്ക് അസ്വസ്ഥത അനുഭവപ്പെടുന്നു അത് കുടുംബത്തെകുറിച്ചുള്ള മുൻധാരണയിലൂടെ ഉണ്ടായതാണ് . അത് ചിലപ്പോൾ അവൾക്കു കിട്ടിയത് അമ്മയിൽ നിന്നാവാം . കെട്ടുതാലിക്ക് ട്രാഫിക് പോലീസുകാരന്റെ കുപ്പായത്തിന്റെ സുരക്ഷിതത്വം പോലുമില്ലെന്ന് തിരിച്ചറിയുകയും പുത്രിയുടെ അരക്ഷിതമായ യൗവനത്തെക്കുറിച്ച് ഉത്കണ്ഠപ്പെടുകയും ഉല്ലാസങ്ങളിൽ ഭാര്യയേയും

മക്കളേയും മറന്ന് ലയിക്കുന്ന പുരുഷന്റെ നിരുത്തരവാദിത്വത്തെക്കുറിച്ച്ആ കുലപ്പെടുകയും ചെയ്യുന്നതാണ് *ഒരു സ്ത്രീയും പറയാത്തത്* എന്ന കഥയിലെ പശ്ചാത്തലം .

കൂട്ടുകാരനൊപ്പം മധ്യം കഴിക്കുന്ന ഭർത്താവ് ഉല്ലസിക്കുമ്പോൾ സ്കൂൾവിട്ട് ത്രിച്ചെത്തുന്ന മക്കളെ ക്കുറിച്ചുള്ള ഉത്കണ്ഠയുമാണ് അവളെ ഭരിക്കുന്നത് . വീട്ടിലേക്കുള്ള സാധനങ്ങൾ വാങ്ങുന്ന തിരക്കിൽ നഗരമധ്യത്തിൽ വെച്ച് ഒരു ചെറുപ്പക്കാരൻ ' കൂടെ വരുന്നോടീ ' എന്നു ചോദിച്ച സസാഹചര്യമാണ് അവളുടെ അസ്വസ്ഥതയെ പെരുക്കുന്നത് .

' കൂടെ വരുന്നോടീ ' എന്നു ചോദിക്കുന്ന ചെറുപ്പക്കാരനിലും കൂട്ടുകാരനൊപ്പം മധ്യപിച്ച് ഉല്ലാസങ്ങളിൽ മുഴുകിയിരിക്കുന്ന ഭർത്താവിലും ഒരേ ഭാവമാണുള്ളത് . രസിക്കുക , ആഘോഷിക്കുക . എന്നാൽ സ്ത്രീയിലെത്തുമ്പോൾ ആധിയാണ് കാണുന്നത് . അമ്മയുടെ ആധി ഒറ്റപ്പെട്ട സംഭവമല്ല . ഒരു നഗരം മുഴുവൻ ബലാ ത്സംഗവാർത്തകൾ കണ്ടുകൊണ്ടിരിക്കുന്നു എന്ന സൂചനയാണ് കഥ നൽകുന്നത് . വ്യക്തിപരമല്ല അത് മറിച്ച് അമ്മമാരുടെ സ്ത്രീയുടെ ആധിയാണ് .

' ഒത്തുതീർപ്പുകൾ ' എന്ന കഥയിൽ കോളനിയിലെ അതിർത്തിയിലെ കെട്ടിടത്തിൽ സരളയും ഭർത്താവും താമസിക്കുന്നു . നല്ല കുടുംബജീവിതം നയിക്കുന്ന സരള ഒരു ദിവസം കണ്ടത് അപ്പുറത്തെ കുപ്പമ്മ കുളിക്കുന്നത് ഒളിഞ്ഞുനോക്കുന്ന തന്റെ  ഭർത്താവിനെയാണ് . പക്ഷേ സരള ഈ കാഴ്ചയെചൊല്ലി വഴക്കിനൊന്നും തയ്യാറായില്ല . കുടുംബത്തെ നിലനിർത്താൻ

വേണ്ടി ഇതെല്ലാം അവൾ കണ്ടില്ലെന്ന് നടിച്ചു . അവിടെയാണ് ഒത്തുതീർപ്പ് വരുന്നത് . കഥയിൽ ഫ്ലാറ്റിലെ സവർണ്ണസ്ത്രീയിക്ക് വിപരീത കോടിയിലാണ് അതിനു പിന്നിലെ ചേരിയിലെ ദളിത് സ്ത്രീയുടെ സ്ഥാനം . സരള പറയാൻ മടിക്കുന്ന പല കാര്യങ്ങളും കുപ്പമ്മയിലൂടെ കഥാകാരി വിളിച്ചു പറയുന്നു .

നിങ്ങളെ പോലുള്ള മഹാറാണിമാരുടെ കെട്ടിയവന്മാരാണ് സന്ധ്യമയങ്ങുമ്പോൾ എന്റെ അടുത്തേക്ക എഴുന്നള്ളുന്ന

( ഒത്തുതീർപ്പുകൾ )

ഫ്ലാറ്റിനുള്ളിൽ മാന്യന്മാരായി നിൽക്കുന്ന ഭർത്താക്കന്മാരെയാണ് കുപ്പമ്മ വിമർശിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ സവർണ്ണസ്ത്രീയായ സരളയുടെ അവസ്ഥയെ പരിഹസിക്കുക കൂടിയാണ് ചെയ്യുന്നത് . അയിത്തത്തിന്റെയും അശുദ്ധിയുടെയും പേരിൽ ദളിത് സ്ത്രീകളെ മാറ്റിനിർത്തുന്ന മേലാളവർഗ്ഗത്തിനുമുന്നിൽ എന്നും അടിയറവയ്ക്കേണ്ട അവരുടെ ജീവിതത്തിന്റെ ദയനീയ അവസ്ഥയാണ് കുപ്പമ്മ എന്ന സ്ത്രീയുടെ പ്രകടനം . മുകളിൽ സൂചിപ്പിച്ച കഥയിലെല്ലാം തന്നെ കുടുംബത്തിലെ സ്ത്രീയ്ക്കു നേരിടേണ്ടി വരുന്ന അവസ്ഥകളെയാണ് ചൂണ്ടിക്കാട്ടുന്നത് . കഥാപാത്രങ്ങളാരും തന്നെ ‘ വിവാഹ മോചനം ’ എന്ന ആശയത്തെ കുറിച്ച് നേരിട്ട് പറയുന്നില്ല . പക്ഷെ പ്രശ്നം അവസാനം എത്തിച്ചേരുന്നത് വിവാഹമോചനത്തിലാണ് എന്ന് *ശിവേനസഹനർത്തനം* എന്ന കഥ തെളിയിക്കുന്നു .

വിവാഹമോചനത്തിൽ നിന്നും പിന്മാറി മൂന്നുമാസത്തെ കൗൺസിലിങ്ങിനു ശേഷം ഒത്തുതീർപ്പിലൂടെയാണ് അനുരാധ ജീവിതം മുന്നോട്ടു

കൊണ്ടുപോകുന്നത് . ദാമ്പത്യത്തിലെ പ്രശ്നങ്ങൾ സങ്കീർണ്ണമാവുമ്പോൾ മനശാസ്ത്രപരമായി അവരുടെ പ്രശ്നങ്ങളെ സമീപിക്കുന്ന കൗൺസിലർ മാരാണ്ഇവരുടെബന്ധത്തെ

നിലനിർത്താൻ ശ്രമിക്കുന്നത് . അത്തരം കടമയെ സമൂഹം നിറവേറ്റുന്നത് കൗൺസിങ്ങിലൂടെയാണ് .

വിവാഹ മോചനത്തിന്റെ നിയമപരമായ വശങ്ങളിലേക്ക് കടക്കുംമുമ്പ് കൗൺസിലിങ്ങ് കൊടുക്കുകയാണ് ചെയ്യുന്നത് . ചില പ്രത്യേകകാരണങ്ങളാൽ ദാമ്പത്യബന്ധം തുടരാൻസാധിക്കാതെ വരുമ്പോഴാണ് വിവാഹമോചനം കൊടുക്കുന്നത് . പക്ഷേ അത്തരം പ്രശ്നങ്ങളൊന്നും ഇവിടെ നിലനിൽക്കുന്നില്ല . അമ്മ പറയുന്ന വാക്കുകൾ തന്നെയാണ് പ്രധാനം . "ദാമ്പത്യംന്ന് വച്ചാൽ ഒരു നൃത്തമാണ് കുട്ടി *ശിവേനസഹനർത്തനം* ന്ന് പഴമക്കാര് പറയും "

( ശിവേനസഹനർത്തനം )

അമ്മൂമ്മ അമ്മയോട് പറഞ്ഞിട്ടുള്ള വാക്കുകൾ തന്നെയാവും അമ്മ അനുരാധയോട് പറടുന്നത് . നൃത്തത്തിന്റെ സംഗീതവും അവനവന്റെ സംഗീതവും ചേർന്നാലെ ലയമാവുകയുള്ളൂ . അവിടെ താളവും പ്രധാനമാണ് . താളം എന്നത് രണ്ടുപേരിലും ഒരുമിച്ച് പ്രവർത്തിക്കേണ്ടതാണ് . വ്യക്തികളുടെ ജീവതാളം തമ്മിൽ പൊരുത്തപ്പെടാതിരിക്കുമ്പോൾ ദാമ്പത്യത്തിൽ ചുവടുപിഴയ്ക്കുന്നു . കുടുംബത്തിനുള്ളിൽ ഭർത്താവിൽനിന്നുള്ള പരിഗണന ലഭിക്കാത്ത സ്ത്രീകൾ സ്നേഹം നിറഞ്ഞ വാക്കുകൾക്ക് വേണ്ടിയാണ് കൊതിക്കുന്നത് . അതുകിട്ടാതെ വരുമ്പോൾ ഭ്രാന്ത് അഭിനയിക്കുകയും ഭർ

ത്താവിന്റെ തെറ്റുകളെ കണ്ടില്ലെന്ന് നടിച്ച് ഒത്തുതീർപ്പുകളുടെ പക്കിലെത്തുകയും ചെയ്യുന്നു .

*ശിഖാഗ്രം തേയിപ്പറക്കുന്ന പക്ഷികൾ* , *ഒത്തുതീർപ്പുകൾ* എന്നീ കഥകളിൽ ഇത്തരമൊ ആശയത്തെയാണ് കഥാകാരി കൈകാര്യം ചെയ്യുന്നത് .

എന്നാൽ കുടുംബത്തിനുല്ളിലെ ഒറ്റപ്പെടലിൽനിന്ന് രക്ഷപ്പെടാൻ വിവാഹ മോചനത്തിനു ശ്രമിക്കുന്ന *ശിവേനസഹനർത്തനം* എന്ന അനുരാധയ്ക്കും കൗസിലിങ്ങിലൂടെ കുടുംബത്തിനുള്ളിലേക്കു തന്നെ എത്തിപ്പെടേണ്ടതായി വരുന്നു . ഒത്തുതീർപ്പുകളാണ് ഇന്ന് അണുകുടുംബങ്ങളിൽ കാണാൻ കഴിയുന്നത് .അങ്ങനെവരുമ്പോൾ വിവാഹമോചനം ഭർത്തവിൽനിന്നോ സമുഹത്തിൽനിന്നോ ഉള്ള മോചനമല്ല് നിലനിൽക്കുന്ന കുടുംബവ്യവസ്ഥിതിയിൽ നിന്നുള്ള മോചനമാണെന്ന് പറയേണ്ടിവരുന്നു.

വിദ്യ കെ

എച്ച്.എസ്.എ മലയാളം


# വരകൾ വർണ്ണങ്ങൾ




S. Fathimath Sahina
10th. C


My
AKKO
IRSHAD · N·S


by




Guruvagoorappan - K C


S. Fathimath Sahina
10th C


Share
your knowledge.
It is a way
to achieve immortality
little
KITEs
DOCSLIDE

# നന്ദി

നടന്നു തീരാറായി തിരിഞ്ഞുനോക്കിയാൽ കിട്ടിയത്

ഒത്തിരി നല്ല ഓർമ്മകളും കൂട്ടുകാരും അദ്ധ്യാപകരും

എല്ലാവർക്കും ഒരായിരം നന്ദി...........................

സ്പന്ദനത്തിലെ ഏടുകളായ ഓരോ ഉറക്കമില്ലാത്ത രാത്രികൾക്കും

ഉണർന്നിരുന്ന ചിന്തകൾക്കും നന്ദി..................

കൃതികൾ തന്ന് സഹായിച്ചവർക്കും സ്പന്ദനത്തെ വാർത്തെടുക്കാൻ

കൂട്ടുനിന്നവർക്കും ഒരായിരം നന്ദി ..................